"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല — കായണ്ണ ഗ്രാമപഞ്ചായത്ത് - 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.10- തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1186/2023/LSGD തീയതി,തിരുവനന്തപുരം, 07-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 20.08.2022 ലെ പി എ എൻ/12674/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13.02.2023 ലെ ഡി.കെ.എസ്.എ 4022/2022/പി.റ്റി2 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിൽ സർക്കാർ മാനദണ്ഡങ്ങൾക്ക വിരുദ്ധമായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിച്ച ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം വയറിംഗ് (പ്രോജക്ട് നം. 73/2012) എന്ന പ്രവൃത്തിയ്ക്ക് ചെലവായ 52,000/- രൂപ 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ കായണ്ണ ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിച്ചിട്ട് 10 വർഷമായെങ്കിലും വൈദ്യുതികരിക്കാത്തതിനാൽ പ്രവർത്തനം ഉണ്ടായിരുന്നില്ലെന്നും പ്ലാൻ ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ അപര്യാപ്തതയും മെയിന്റനൻസ് ഫണ്ടിന്റെ ലഭ്യതയും ഉണ്ടായതിനാൽ മറ്റ് മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ എം.ജി നോൺ റോഡ് ഇനത്തിൽ നിന്ന് 52,000/- രൂപ മേൽ ആവശ്യത്തിലേക്ക് മാറ്റിവെക്കുവാൻ ഭരണസമിതി തീരുമാനിക്കുകയും ആയത് പ്രകാരം സാംസ്കാരിക നിലയം വയറിംഗ് എന്ന പ്രോജക്ട് തയ്യാറാക്കുകയും 11/07/2011 തീയ്യതിയിലെ 220/11/DPL നമ്പർ പ്രകാരം DPC അംഗീകാരം ലഭിച്ചിട്ടുള്ളതുമാണെന്നും ടി പ്രവൃത്തിമൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടില്ലെന്ന് ഭരണസമിതി വിലയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ പഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് സാംസ്കാരിക നിലയം വയറിംഗ് നടത്തിയ പ്രവൃത്തിയ്ക്ക് സാധൂരണത്തിന് ഭരണസമിതിയും കോഴിക്കോട് ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും ശുപാർശ ചെയ്തിട്ടുണ്ടെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽ കണമെന്ന് പരാമർ ശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ ചെലവിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളതിനാൽ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ

2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.10 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പ ഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കോഴിക്കോട് ജില്ലയിലെ കായണ്ണ ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-10 പ്രകാരം തടസ്സപ്പെടുത്തിയ 52,000/- രൂപയുടെ ( അൻമ്പത്തി രണ്ടായിരം രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കായണ്ണ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/151/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ